ഉത്തരം

(എ) നടന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ച ചില ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി പരിവർത്തനപ്പെടുത്തുന്നതു മൂലവും ചില ഗ്രാമപഞ്ചായത്തുകളെ സമീപ മുനിസിപ്പാലിറ്റികളോടും മുനിസിപ്പൽ കോർപ്പറേഷനുകളോടും സംയോജിപ്പിക്കുന്നതുമൂലവും മൂന്നോ അതിൽ കുറവോ ഗ്രാമപഞ്ചായത്തുകൾ മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കുന്നതുമൂലവും ഇല്ലാതാകുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് പകരമായി, ബ്ലോക്ക് പഞ്ചായത്തുകളുടെ ആകെ എണ്ണം 152 ആയിത്തന്നെ നിലനിർത്തിക്കൊണ്ട് ഭൂമിശാസ്ത്രപരവും ഭരണപരവുമായ സൗകര്യം കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഘടക ഗ്രാമപഞ്ചായത്തുകളുടെ എണ്ണം, ജനസംഖ്യ, വിസ്തൃതി എന്നിവയിൽ മുന്നിട്ടുനിൽക്കുന്ന വലിയ ബ്ലോക്കുകളിൽ നിന്നും ചില ഗ്രാമ പഞ്ചായത്തുകളെ മാറ്റി സമീപസ്ഥമായതും പൊതുവായ അതിരുകൾ പങ്കിടുന്നതുമായ ബ്ലോക്കുകളിൽ ഉൾപ്പെടുത്തിയാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

ഗുണഭോക്തൃലിസ്റ്റ് പ്രദർശിപ്പിക്കാൻ നടപടി

100 (4723) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് സംവിധാനത്തിലൂടെ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടെ വ്യാപകമായി അഴിമതി നടക്കുന്ന സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റ് വർഷാവർഷം പഞ്ചായത്തിലും എല്ലാ വാർഡുകളിലും എഴുതി പ്രദർശിപ്പിക്കുന്നതിനും ഒരു ബുക്ക്‌ലെറ്റായി വർഷാവർഷം പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) അർഹരെ തഴഞ്ഞ് അനർഹർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നത് തടയാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഗ്രാമസഭയിലൂടെ ക്ഷണിച്ച് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാർക്ക് നൽകി മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കി വീണ്ടും ഗ്രാമസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരത്തോടുകൂടിയാണ് ലിസ്റ്റ് അന്തിമമാക്കുന്നത്. വാർഷിക പദ്ധതിയിൽ പല ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റുകൾ. അച്ചടിച്ച് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്താറുണ്ട്.

(ബി) പൊതുജനങ്ങൾക്ക് നൽകുന്ന സേവനം സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സേവനം കൃത്യവും വേഗത്തിലുള്ളതുമാക്കാൻ ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരണവും നടന്നുവരുന്നു. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകവഴി എന്തൊക്കെ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് അറിയുവാൻ സാധിക്കുകയും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാൻ മറ്റ് വകുപ്പുകളിൽനിന്ന് പുനർവിന്യാസം ചെയ്യുകയും അധിക തസ്തികകൾ പഞ്ചായത്തിലേയ്ക്ക് ക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ, വികസന പദ്ധതി നിർവ്വഹണം ലക്ഷ്യം കൈവരിക്കുന്നതിന് മതിയായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) കരട് ഗുണഭോക്തൃലിസ്റ്റുകൾ ഗ്രാമസഭയിലവതരിപ്പിച്ച് അംഗീകാരം നേടിയിട്ടേ അന്തിമമാക്കാറുള്ളൂ എന്നതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ സുതാര്യത നിലനിർത്താൻ സാധിക്കുന്നുണ്ട്. അർഹമായ ആനുകൂല്യം നിഷേധിക്കുന്നുണ്ടെങ്കിൽ അതിനെതിരെ വ്യക്തികൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാനെയോ, സർക്കാരിനേയോ സമീപിക്കാവുന്നതാണ്.

ബി.പി.എൽ. പദവിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ

101 (4724) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. പദവിക്ക് കേന്ദ്ര സർക്കാർ നിയോഗിച്ച സമിതി നിർദ്ദേശിച്ച പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബി. പി. എൽ. സെൻസസ് എന്നത്തേക്ക് നടപ്പിലാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ എത്ര ശതമാനം പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗ്രാമവികസന മന്ത്രാലയം ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിനുള്ള രീതി സംബന്ധിച്ച് ശുപാർശകൾ നൽകുന്നതിന് നിയോഗിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ റിപ്പോർട്ട് പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന് താഴെ പറയുന്ന സമീപനമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly